# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 428 10.06.2011 ൽ മറുപടിക്ക്

### പഴകിയ ബോഗികൾ മാറ്റിക്കിട്ടുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലൂടെ ഓടുന്ന തീവണ്ടികളിൽ പഴകിദ്രവിച്ചതും എപ്പോൾ വേണമെങ്കിലും അപകടം ഉണ്ടാക്കാവുന്നതുമായ കാലഹരണപ്പെട്ട ബോഗികളാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും | ഉണ്ട്. |
| (ബി) | പല ട്രെയിനുകളുടെയും ബോഗികൾ കഴിഞ്ഞ കുറച്ചുകാലമായി യാത്രയ്ക്കിടയിൽ തകർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | |
| (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും പഴകിയ ബോഗികൾ മാറ്റിക്കിട്ടുന്നതിനും എന്തു നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നു ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ [illegible] |

വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണം;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

ഇപ്പോൾ റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ ഡി.ഒ കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലു ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ